(Pages : 4) M – 1329

Reg. No. : 115191320l2

Name : Ananthalekshmi S

Fifth Semester B.A. Degree Examination, December 2021

First Degree Programme under CBCSS

Malayalam : Language, Culture and Literature

Core Course VI

ML 1541 : ഭാഷാശാസ്ത്രം - ഭാഷാചരിത്രം

(2018 & 2019 Admission)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കേരളത്തിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന ലിപി വ്യവസ്ഥകൾ ഏവ?

2. ഉച്ചാരണശബ്ദങ്ങളെക്കുറിച്ചുള്ള പഠനശാഖയെ വിളിക്കുന്ന പേര്.

3. 'ലാംഗ്വേജ്' എന്ന കൃതി എഴുതിയത് ആരാണ്?

4. ചുണ്ടുകൾ വൃത്താകൃതിയിലാക്കി ഉച്ചരിക്കുന്ന സ്വരങ്ങളെ വിളിക്കുന്ന പേര്.

5. 'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമമക്കണക്കേ ശരണം' എന്ന് അഭിപ്രായപ്പെട്ടതാരാണ്?

6. 'ഗുമസ്തൻ' എന്ന പദം ഏതു ഭാഷയിൽ നിന്നും സ്വീകരിച്ചതാണ്?

7. കേരളപാണിനിയുടെ അഭിപ്രായത്തിൽ തമിഴിന്റെ ഏതു വകഭേദമാണു മലയാളമായി പരിണമിച്ചത്?

P.T.O.

8. ദ്രാവിഡഭാഷകളെക്കുറിച്ചുള്ള റോബർട്ട് കാൽഡ്വലിന്റെ പ്രഖ്യാതഗ്രന്ഥത്തിന്റെ പേര്.

9. രാമകഥാപാട്ടിന്റെ കർത്താവ് ആര്?

10. മണിപ്രവാളത്തിന്റെ ലക്ഷണഗ്രന്ഥം ഏത്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. പുഷ്ടഭാഷ - അപുഷ്ടഭാഷ എന്ന വിഭജനത്തിന്റെ അടിസ്ഥാനം വ്യക്തമാക്കുക.

12. സങ്കരഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

13. ഇന്ത്യയിലെ പ്രധാന ഭാഷാഗോത്രങ്ങൾ ഏതെല്ലാം?

14. നിർദ്ദേശാത്മക വ്യാകരണത്തിന്റെ സവിശേഷതകളെന്ത്?

15. ശ്രവണാസ്പദസ്വനവിജ്ഞാനത്തെക്കുറിച്ച് വിവരിക്കുക.

16. ഉപസ്വനം എന്തെന്ന് വ്യക്തമാക്കുക.

17. എന്താണ് ലാക്ഷണികാർത്ഥം?

18. ഉപരൂപങ്ങൾ (Allomorph) എന്നാൽ എന്ത്?

19. തുല്യാർത്ഥത (Synonym) എന്നാൽ എന്ത്?

20. പുരപ്രത്യയം (Prefix) എന്നാൽ എന്ത്?

21. രഹസ്യഭാഷ ഒരു കൃത്രിമ ഭാഷയാണോ? എന്തുകൊണ്ട്?

22. കണ്ണശ്ശകൃതികളുടെ ഭാഷാപരമായ പ്രാധാന്യം വ്യക്തമാക്കുക.

23. മണിപ്രവാളകൃതികളിലെ ഭാഷയുടെ പ്രത്യേകതയെന്ത്?

24. അറബിഭാഷയിൽ നിന്നും മലയാളഭാഷ സ്വീകരിച്ച നാല് പദങ്ങൾ എഴുതുക.

25. ഭാഷാസംക്രമണവാദം എന്തെന്ന് വിശദമാക്കുക.

26. സ്വനം, സ്വനിമം ഇവ തമ്മിലുള്ള ബന്ധം വിശദമാക്കുക.

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. മനുഷ്യഭാഷയും മനുഷ്യേതരജീവികളുടെ ആശയവിനിമയവും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം?

28. പൂരകവിതരണം (Complementary distribution) എന്നാലെന്ത്?

29. ബഹുകാലികഭാഷാപഗ്രഥനത്തിന്റെ രീതികൾ വിവരിക്കുക.

30. പ്രാദേശികവും സാമൂഹികവുമായ ഭാഷാഭിന്നതകളെ ഏകീകരിക്കുകയാണ് മാനകഭാഷ - ചർച്ച ചെയ്യുക.

31. മാതൃഭാഷ എന്ന പ്രയോഗത്തേക്കാൾ സൂക്ഷ്മമാണ് ഒന്നാംഭാഷ എന്ന സങ്കല്പം - വിശദീകരിക്കുക.

32. രൂപസിദ്ധി (inflexion) എന്നാലെന്ത്?

33. രാമചരിതഭാഷയെക്കുറിച്ചുള്ള വ്യത്യസ്താഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

34. ഭാഷാചരിത്രനിർമ്മിതിക്ക് ശാസനഭാഷയെ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

35. 'മലയാളം' എന്ന പദത്തിന്റെ നിരുക്തിയെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

36. പ്രാചീന മലയാളഗദ്യത്തിന്റെ സ്വഭാവം ഭാഷാകൗടലീയത്തെ മുൻനിർത്തി പരിശോധിക്കുക.

37. മലയാളത്തിന്റെ പ്രാചീനഘട്ടത്തിലെ ഗദ്യസ്വഭാവം വെളിപ്പെടുത്തുന്ന കൃതികളെക്കുറിച്ച് വിവരിക്കുക.

38. മനുഷ്യശരീരത്തിൽ ഉച്ചാരണത്തിന് മാത്രമായുള്ള അവയവങ്ങളില്ല - ഈ പ്രസ്താവനയുടെ സാംഗത്യം എന്ത്?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

39. സ്വനവിജ്ഞാനത്തിന്റെ അവാന്തരവിഭാഗങ്ങൾ വിശദീകരിച്ച് ഉച്ചാരണാസ്പദസ്വനവിജ്ഞാനത്തിന്റെ പ്രസക്തി വ്യക്തമാക്കുക.

40. ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ സ്വരങ്ങളെയും വ്യഞ്ജനങ്ങളെയും വർഗ്ഗീകരിക്കുന്ന പ്രധാന രീതികൾ പരിചയപ്പെടുത്തുക.

41. മലയാളഭാഷയുടെ ഉൽപത്തിയെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങൾ ഏതെല്ലാമെന്ന് വിവരിക്കുക.

42. രൂപിമങ്ങളെ എങ്ങനെയൊക്കെ തരംതിരിക്കാം? സോദാഹരണം വിശദീകരിക്കുക.

43. മലയാളഭാഷയിൽ അന്യഭാഷകൾ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ഉപന്യസിക്കുക.

44. പത്രഭാഷയുടെ സവിശേഷതകൾ ചുരുക്കി വിവരിക്കുക.

**(2 × 15 = 30 Marks)**

---

(Pages : 4)

**M – 1330**

Reg. No. : 11519132012

Name : Ananthalakshmi S

**Fifth Semester B.A. Degree Examination, December 2021**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course VII**

**ML 1542 : ചെറുകഥാപഠനം**

**(2018 & 2019 Admission)**

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യ ഡിറ്റക്ടീവ് കഥ ഏത്?

2. 'പയ്യൻകഥകളി'ലൂടെ ശ്രദ്ധേയനായ കഥാകൃത്ത് ആര്?

3. 'വാസനാവികൃതി' എന്ന കഥയിലെ നായകന്റെ തൊഴിലെന്താണ്?

4. മലയാളത്തിലെ ആദ്യ ചെറുകഥ ഏത് മാസികയിലാണ് പ്രസിദ്ധീകരിച്ചത്?

5. അന്യാപദേശകഥയിലൂടെ ദിവാൻ സി.പി. രാമസ്വാമി അയ്യരെ വിമർശിച്ചതിന് ജയിൽവാസം അനുഭവിക്കേണ്ടിവന്ന കഥാകൃത്ത് ആര്? കഥയേത്?

6. 'ചെറുകഥ ഇന്നലെ ഇന്ന്' എന്ന ഗ്രന്ഥം എഴുതിയതാര്?

7. 1984 ലെ ദൽഹി കലാപത്തിന്റെ പശ്ചാത്തലത്തിൽ എൻ.എസ്. മാധവൻ എഴുതിയ കഥ.

P.T.O.

8. എം.ടി. യുടെ 'വാനപ്രസ്ഥം' എന്ന കഥയുടെ ചലച്ചിത്രരൂപത്തിന്റെ പേര്?

9. 'ഒരു മലയാളി ഭ്രാന്തന്റെ ആത്മകഥ' എന്ന നീണ്ടകഥ എഴുതിയതാരാണ്?

10. 'വാദ്ധ്യാർ കഥ'കളുടെ ഉപജ്ഞാതാവ് ആര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ഞാമ്പിന്നെന്തുചെയ്യും, കിട്ടുശ്ശാരേ? എനിക്കു വീര്യമൊള്ള കൊറച്ചു പച്ചമണ്ണുതാ. മണ്ണിന്റെ മണം കിട്ടാനില്ലേൽ എന്റെ മനസ്സു പൊരിയും.' ആരാണിങ്ങനെ പറയുന്നത്? സന്ദർഭമേത്?

12. 'വൃദ്ധന് രണ്ടോ നാലോ പല്ലുണ്ടായിരുന്നത് നഗരസഭയുടെ നേരെ തിരിഞ്ഞു' - എപ്പോൾ? വ്യക്തമാക്കുക.

13. 'നമ്മളുടെ ആങ്ങള ചത്തതിനുശേഷം സുഖം തോന്നിയതു നിങ്ങളെ കണ്ടപ്പോഴാണ്' - ആരാണിങ്ങനെ പറയുന്നത്? സന്ദർഭമേത്?

14. 'മൂടിപ്പൊതച്ച് കെടന്നാപ്പറ്റ്വോ? ഇന്ന് തിങ്കളാഴ്ചയല്ലേ?' ആ വാക്യം മാത്രം മായാതെ ഓർമ്മയിൽ കിടക്കുന്നു - സന്ദർഭം വ്യക്തമാക്കുക.

15. 'നിങ്ങളുടെയൊക്കെ കഥകൾ വായിച്ചാൽ ലോകത്തിനെന്തോ വലിയ തകരാറൊക്കെയുണ്ടെന്ന് തോന്നിപ്പോവും' - ആരുടെ കഥകളെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്? വിശദമാക്കുക.

16. 'എന്നെപ്പോലെ വിഡ്ഢിത്തം പ്രവർത്തിച്ച് ശിക്ഷായോഗ്യന്മാരായി വന്നിട്ടുള്ളവർ ചുരുക്കമായിരിക്കും' - കാണിച്ച വിഡ്ഢിത്തം എന്ത്?

17. 'മാഷ്ക്ക് വലിയ മാറ്റൊന്നൂല്യ... അവള് ആകപ്പാടെ ഒരു പരിശോധന നടത്തി.....' സന്ദർഭം വിവരിക്കുക.

18. 'നാവിൽ എന്തിന്റെയോ വൃത്തികെട്ട പുളിരസം കലരവെ മാരൻ വായിലെ കുഴഞ്ഞ കറുത്ത മണ്ണ് ക്യാമറയുടെ മുഖത്തേക്ക് നീട്ടിത്തുപ്പി.' - സന്ദർഭം വിവരിക്കുക.

19. 'അതിൽപ്പിന്നെ ഇന്നുവരെ എന്റെ ഭാര്യയല്ലാതെ വേറെ ഭാര്യവീട്ടുകാരാരും എന്നെ സമീപിച്ചിട്ടില്ല.' - കാരണമെന്ത്?

20. 'കുമാരന്റെ ബീഡി തെറുക്കുന്ന കൈ അയാളുടെ കൂടെ കൊടുത്തയയ്ക്കുവാൻ പറ്റാത്തതിൽ ചൂളൈമേട്ടുകാർ ദുഃഖിച്ചു.' - വിവക്ഷിതമെന്ത്?

21. 'നിങ്ങളുടെ ജംഗമവസ്തുക്കൾ, അതായത് ഈ വീട്ടിലുള്ള ഇളകുന്ന മുതലുകളെല്ലാം ഞങ്ങൾ കൊണ്ടുപോകും.' ആരാണിങ്ങനെ പറയുന്നത്? കാരണമെന്ത്?

22. 'രക്ഷകന്റെ വരവ് സംഭവിക്കില്ല. ഇനിയാവട്ടെ. സാദ്ധ്യതയെങ്കിലുമുണ്ട്, ഇല്ലേ?' ആരാണിങ്ങനെ പറയുന്നത്? സന്ദർഭമേത്?

23. 'മുറിയിൽ പോയിരുന്നു സംസാരിച്ചാലോ? കുമാരൻകുട്ടി ഉണ്ടാവും അതൊരു ശല്യം.' - സന്ദർഭം വിവരിക്കുക.

24. 'പാദസരങ്ങളിട്ട ഒരു ജോടി കാലുകൾ തൊട്ടുകൊണ്ട് മാധവി പറഞ്ഞു. 'ഇതാണ് ശ്രീപാർവ്വതിയുടെ പാദങ്ങൾ' ' - സാംഗത്യമെന്ത്?

25. 'കർമ്മത്തിന്റെ ഗുണദോഷം കർത്താവിനാണല്ലോ? ആശാരിച്ചെക്കാ നിനക്ക് പറവാനുള്ളതു പറ' - ആരാണിങ്ങനെ പറയുന്നത്? സന്ദർഭമേത്?

26. അവുസേപ്പു ചേട്ടനും കണ്ണനും തമ്മിലുള്ള പുനഃസമാഗമത്തിന്റെ വൈകാരികമുഹൂർത്തത്തെ പൊൻകുന്നം വർക്കി ആവിഷ്കരിക്കുന്നതെങ്ങിനെ?

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ഭൂതാവശിഷ്ടമായി മാറാത്ത മനോഹരപ്രണയകാവ്യമാണ് കോവിലന്റെ 'ശംഖ്' - വ്യക്തമാക്കുക.

28. 'സ്ഥാവരം' എന്ന തലക്കെട്ടിന്റെ അന്തസ്സാരം എന്ത്? വിശദമാക്കുക.

29. 'ജന്മദിനം' എന്ന കഥ വായിക്കുമ്പോൾ വിശപ്പിന്റെ അശ്ലസ്പർശം നാം അനുഭവിക്കും - വിശദമാക്കുക.

30. കർമ്മഫലത്തിന്റെ അനിവാര്യതയെ നർമ്മബോധത്തോടെ ചിത്രീകരിക്കുന്ന സരസകഥയാണ് 'വാസനാവികൃതി' - നിരൂപണം ചെയ്യുക.

31. രണ്ടു കാലങ്ങൾ തമ്മിലുള്ള അഭിമുഖീകരണമാണ് 'വാനപ്രസ്ഥം' എന്ന കഥ - വ്യക്തമാക്കുക.

32. നഗരജീവിതത്തിനിടയ്ക്ക് ഗ്രാമജീവിതത്തിന്റെ സ്വാസ്ഥ്യം തേടിയെത്തുന്ന കാൽപനിക മനസ്സിന്റെ കഥയാണ് 'ശ്രീപാർവ്വതിയുടെ പാദം' - വിവരിക്കുക.

33. നിസ്സഹായ മനുഷ്യരുടെമേൽ കുതിരകയറുന്ന ദൃശ്യമാധ്യമസംസ്കാരത്തിന്റെ ദയാരാഹിത്യ ലോകമാണ് 'മണ്ണ്' എന്ന കഥയിൽ അനാവൃതമാകുന്നത് - വിശദമാക്കുക.

34. ബൈബിൾകഥകളെ സാധാരണ മനുഷ്യജീവിതവുമായി ചേർത്തുവെക്കാനുള്ള സക്കറിയയുടെ രചനാവൈഭവത്തിന്റെ നിദർശനമാണ് 'ആർക്കറിയാം' - വിശദമാക്കുക.

35. വൈകാരികസ്പർശത്താൽ വായനക്കാരന്റെ കണ്ണീർ പൊടിയുന്ന കഥയാണ് 'നെയ്പ്പായസം' - വിശദമാക്കുക.

36. അപസർപ്പക കഥ എന്ന നിലയിൽ 'ഉളിപിടിച്ച കയ്യ്' എന്ന കഥയെ വിലയിരുത്തുക.

37. ആധുനികതയുടെ ഭാവുകത്വപരിസരത്തിൽ ആഖ്യാനം ചെയ്യപ്പെട്ട കഥയാണ് 'ചൂളൈമേട്ടിലെ ശവങ്ങൾ' - പരിശോധിക്കുക.

38. ഒരു ദുരന്തകഥയായി അവസാനിക്കുമ്പോഴും നന്മയുടേയും മനുഷ്യത്വത്തിന്റേയും പ്രകാശം പരത്തുന്ന കഥയാണ് ഉതുപ്പാന്റെ കിണർ - വിശദമാക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

39. ആദ്യകാലകഥകളുടെ പ്രമേയപരവും ആഖ്യാനപരവുമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

40. നവോത്ഥാനകാല കഥകളുടെ പൊതുസവിശേഷതകൾ 'ഉതുപ്പാന്റെ കിണർ', 'ജന്മദിനം', 'ശബ്ദിക്കുന്ന കലപ്പ' എന്നീ കഥകളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

41. എം.ടി. യുടേയും മാധവിക്കുട്ടിയുടേയും കഥകളുടെ ആഖ്യാനപരമായ സവിശേഷതകൾ 'വാനപ്രസ്ഥം' 'നെയ്പ്പായസം' എന്നീ കഥകളെ അടിസ്ഥാനമാക്കി വിവരിക്കുക.

42. ആധുനിക മലയാള ചെറുകഥയുടെ രൂപഭാവതലങ്ങളെക്കുറിച്ച് വിവരിക്കുക.

43. 'ശ്രീപാർവ്വതിയുടെ പാദം', 'സ്ഥാവരം', 'മണ്ണ്' എന്നീ കഥകൾ പങ്കുവെക്കുന്ന സൂക്ഷ്മരാഷ്ട്രീയത്തെക്കുറിച്ച് വിവരിക്കുക.

44. സമകാലിക മലയാളചെറുകഥയിലെ പൊതുപ്രവണതകളെക്കുറിച്ച് വിവരിക്കുക.

**(2 × 15 = 30 Marks)**

(Pages : 4) **M – 1332**

Reg. No. : 115191322012

Name : Ananthalekshmi.S

**Fifth Semester B.A. Degree Examination, December 2021**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course IX**

**ML 1544 : ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം**

**(2018 & 2019 Admission)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. സി.ജെ. തോമസ് എഴുതിയ പരീക്ഷണനാടകം ഏതാണ്?

2. ഭാരതീയ ഭാഷകളിൽ ആദ്യമായി എഴുതപ്പെട്ട യാത്രാവിവരണകൃതിയേത്?

3. മനുഷ്യനെ എട്ടുകാലിയെന്ന് വിശേഷിപ്പിച്ചതാരാണ്?

4. ഞാൻ എന്ന ആത്മകഥ എഴുതിയതാര്?

5. ജീവചരിത്രസാഹിത്യം മലയാളത്തിൽ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?

6. ബ്രസീലിലെ ഔദ്യോഗികഭാഷ ഏത്?

7. പുള്ളിമാൻ എന്ന കഥ എഴുതിയതാരാണ്?

8. ദേവ് കേശവദേവ് എന്ന ജീവചരിത്രത്തിന്റെ കർത്താവ്.

P.T.O.

9. കാമ്പിശ്ശേരി ആദ്യം അഭിനയിച്ച നാടകമേത്?

10. ആത്മകഥാവിഭാഗത്തിൽ ആദ്യമുണ്ടായ കൃതിയേതാണ്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. ലോകസാഹിത്യത്തിലെ ശ്രദ്ധേയമായ ആത്മകഥകളെപ്പറ്റി ഒരു കുറിപ്പെഴുതുക.

12. 'സി.ജെ. യുടെ ചങ്കിന് ഒരു കത്തിവെക്കലായിരുന്നു ആ സന്ദർഭം' - ഏത് സന്ദർഭം?

13. 'അഗാധമായ മനുഷ്യസ്നേഹത്തിന്റെ ഉറവിടമായിരുന്നു ആ മനുഷ്യൻ' - ആരെപ്പറ്റിയാണ് പറയുന്നത്? വിവരിക്കുക.

14. എന്താണ് ആത്മകഥ?

15. മയിലമ്മയുടെ കുട്ടിക്കാലത്ത് ആഘോഷിച്ചിരുന്ന പൊങ്കലിനെപ്പറ്റി വിവരിക്കുക.

16. കാമ്പിശ്ശേരിയുടെ മരണവുമായി ബന്ധപ്പെട്ട സംഭവങ്ങൾ സ്വന്തം വാക്കിൽ വിവരിക്കുക.

17. സി.ജെ. യെ അകാലവൃദ്ധനാക്കാനിടയായ സംഭവവികാസങ്ങൾ റോസി തോമസ് വർണ്ണിക്കുന്നതെങ്ങനെയാണ്?

18. ജീവചരിത്രസാഹിത്യത്തിന്റെ ഗുണങ്ങൾ എന്തെല്ലാം?

19. സമഊമ എന്ന മരണത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

20. ജാനുവിന്റെ പേരിൽ മയിലമ്മയുടെ മനസ്സിൽ ഉള്ള സങ്കടം എന്താണ്?

21. 'അപ്പന്റെ കുഴിമാടത്തിന്മേൽ ഉറങ്ങുന്ന ഒരു സിംഹത്തിന്റെ പ്രതിമയുണ്ടാക്കിവെക്കണം' ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

22. ആത്മകഥകൾ രചിക്കുമ്പോൾ സ്വകാര്യതകൾ അനാവരണം ചെയ്യുന്നതിൽ എഴുത്തുകാർ സ്വീകരിക്കുന്ന നിലപാടുകൾ എന്തെല്ലാമാണ്?

23. കേരളസഞ്ചാരി എന്ന പത്രവുമായി തിക്കോടിയനുള്ള വൈകാരികബന്ധം എന്തായിരുന്നു?

24. 'ഉള്ളിലെ സന്തോഷമടക്കി പുറമേ ദുഃഖം കാണിക്കാൻ കുറച്ച് വിഷമിക്കേണ്ടതായി വന്നു.' - സന്ദർഭം എഴുതുക.

25. എന്താണ് ലോട്ടസ് സർക്കിൾ?

26. കേട്ടെഴുത്ത് സാഹിത്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

**(8 × 2 = 16 Marks)**

III. **ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

27. തുറന്ന മനസ്സും സാംസ്കാരികപാരമ്പര്യവും ഉള്ള നഗരമാണ് റിയോ ഡി ജാനിറോ എന്ന് എം.പി. വീരേന്ദ്രകുമാർ സ്ഥാപിക്കുന്നതെങ്ങനെ?

28. പിതാവിനെക്കുറിച്ച് സി.ജെ. ക്കുണ്ടായിരുന്ന ഓർമ്മകൾ ക്രോഡീകരിക്കുക.

29. 'ഉണ്ടിരിക്കും നായർക്കൊരു വിളി' ഈ വിളിയുടെ തുടർച്ചയെ തിക്കോടിയൻ അവതരിപ്പിക്കുന്നതെങ്ങനെ?

30. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള പ്രധാന സാമ്യവ്യത്യാസങ്ങൾ എന്തെല്ലാമാണ്?

31. ആമസോണിലെ സസ്യജൈവവൈവിധ്യത്തിന്റെ പ്രത്യേകതകൾ വർണ്ണിക്കുക.

32. സി.ജെ. യുടെ രണ്ടുതരം ശിഷ്യന്മാരെക്കുറിച്ച് വിവരിക്കുക.

33. യാത്രാവിവരണങ്ങൾ ഉണ്ടാവാനുള്ള പ്രധാനപ്പെട്ട സാഹചര്യങ്ങൾ എന്തെല്ലാമാണ്?

34. 'നിധി എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു' - വിശദീകരിക്കുക.

35. ആത്മകഥകൾ പരിഗണിക്കുമ്പോൾ ജീവിതാനുഭവസാഹിത്യം എന്ന ശാഖയുടെ പ്രത്യേകതകൾ വിവരിക്കുക.

36. 'വയസ്സ് നോക്കുമ്പ വലിയവരായി ഞങ്ങളുടെ കോളനീല് രണ്ടു പാട്ടിമാരാണ് ഉള്ളത്. രണ്ടാളിന്റെയും പേര് ഒന്നു തന്നെ. പാപ്പാൾ.' മയിലമ്മ ഈ രണ്ടു പാപ്പാൾമാരെ ഓർക്കുന്നതെങ്ങനെയെല്ലാമാണ്?

37. കാമ്പിശ്ശേരിയുടെ ഫലിതപ്രിയത്തെക്കുറിച്ച് വിശദീകരിക്കുക.

38. മലയാള ആത്മകഥകളുടെ ചരിത്രം വിവരിക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

39. ഒരു ജീവചരിത്രകൃതിയെന്ന നിലയിൽ 'ഇവൻ എന്റെ പ്രിയ സി.ജെ.'യുടെ സവിശേഷതകൾ വിശദീകരിക്കുക.

40. ആത്മകഥ എന്ന സാഹിത്യരൂപത്തിന്റെ ഉത്ഭവവികാസ പരിണാമങ്ങൾ, അതിന്റെ വിവിധ ശാഖകൾ തുടങ്ങിയവയെപ്പറ്റി ഉപന്യസിക്കുക.

41. ആമസോൺ യാത്രക്കിടയിൽ കണ്ട കാഴ്ചകൾ, കണ്ടുമുട്ടിയ വ്യക്തികൾ തുടങ്ങിയവ ഹൃദയാവർജ്ജകമായ ഭാഷയിൽ എം.പി. വിരേന്ദ്രകുമാർ വർണ്ണിക്കുന്നതെങ്ങനെ?

42. അരങ്ങു കാണാത്ത നടൻ എന്ന ആത്മകഥ സംഭവബഹുലമായ ഒരു കാലഘട്ടത്തിന്റെ ചരിത്രം കൂടിയാവുന്നതെങ്ങനെയെന്ന് കണ്ടെത്തുക.

43. പ്ലാച്ചിമട സമരവും തുടർന്നുണ്ടായ സംഭവവികാസങ്ങളും മയിലമ്മയുടെ ജീവിതത്തിലെ നിർണ്ണായക അനുഭവങ്ങളായിത്തീരുന്നത് എങ്ങനെയാണെന്ന് വിശദമായി പ്രതിപാദിക്കുക.

44. പത്രപ്രവർത്തകൻ, നാടകകൃത്ത് എന്നീ നിലകളിൽ കാമ്പിശ്ശേരിയെന്ന മനുഷ്യൻ മലയാളഭാഷക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ വിലയിരുത്തുക.

**(2 × 15 = 30 Marks)**

(Pages : 6)

**M – 1331**

Reg. No. : 11519132012

Name : Ananthalekshmi S

**Fifth Semester B.A. Degree Examination, December 2021**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course VIII**

**ML 1543 : വിവർത്തനം : സിദ്ധാന്തവും പ്രയോഗവും**

**(2018 & 2019 Admission)**

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. വിവർത്തനത്തിൽ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത എന്ന് അഭിപ്രായപ്പെട്ടതാര്?

2. വിവർത്തനവിചിന്തനം എന്ന ഗ്രന്ഥത്തിന്റെ രചയിതാക്കൾ ആരെല്ലാം?

3. പഞ്ചതന്ത്രത്തിന്റെ അറബി വിവർത്തനം ഏത്?

4. വിവർത്തനം ഒരു കരകൗശലമാണെന്നു പറഞ്ഞതാര്?

5. എന്താണ് Kinship Words?

6. തർജ്ജമ എന്ന പദം ഏതു ഭാഷയിൽ നിന്ന് വന്നതാണ്?

7. കണ്ടുകിട്ടിയതിൽ വെച്ച് ഏറ്റവും പ്രാചീനമായ വിവർത്തനം ഏതാണ്?

P.T.

8. 'ആഴക്കടലിൽ ഓളമില്ല' - ഇംഗ്ലീഷിലാക്കുക.

9. മലയാളത്തിലാക്കുക : Brutal Majority.

10. 'Inconstant are the fortunes of the earth' എന്ന നീണ്ടവാക്യം ജി. കുമാരപ്പിള്ള പ്രയോഗിക്കേണ്ടിവന്നത് ഏതു വാക്കിനു പകരമാണ്?

**(10 × 1 = 10 Mar**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. എന്താണ് ലക്ഷ്യഭാഷ?

12. വിവർത്തനം എന്ന പദത്തിന് പകരം ഉപയോഗിക്കുന്ന പദങ്ങൾ ഏതെല്ലാമാണ്?

13. എന്താണ് സ്വതന്ത്രവിവർത്തനം?

14. ലിപ്യന്തരണം എന്നാലെന്ത്?

15. യന്ത്രവിവർത്തനത്തിന്റെ പരിമിതികൾ എന്തെല്ലാമാണ്?

16. വിവർത്തകൻ സഹൃദയനായിരിക്കണം എന്നു പറയുന്നതെന്തുകൊണ്ടാണ്?

17. വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണ്?

18. പദാനുപദവിവർത്തനം വായനക്കാർക്ക് ക്ലേശകരമാണെന്ന് പറയുന്നതിൽ എന്തെങ്കില അടിസ്ഥാനമുണ്ടോയെന്ന് പരിശോധിക്കുക.

19. പത്രവാർത്ത വിവർത്തനം ചെയ്യുമ്പോൾ പാലിക്കേണ്ട തത്വങ്ങൾ എന്തെല്ലാം?

20. പരസ്യങ്ങളുടെ വിവർത്തനം വളരെ സൂക്ഷ്മത ആവശ്യപ്പെടുന്ന ഒരു മേഖലയാണെ പറയുന്നതെന്തുകൊണ്ട്?

21. വിവർത്തനത്തിൽ നിഘണ്ടുക്കൾക്കുള്ള സ്ഥാനമെന്ത്?

2. കവിതാവിവർത്തനത്തിലെ ഗദ്യവിവർത്തനം എന്ന സംജ്ഞ പരിചയപ്പെടുത്തുക.

3. Penny wise pound foolish – മലയാളത്തിലാക്കുക.

24. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക :

മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

25. ഒരു താരകയെ കാണുമ്പോൾ
അത് രാവു മറക്കും
പുതുമഴ കാൺകെ
വരൾച്ച മറക്കും
- ഇംഗ്ലീഷിലാക്കുക.

26. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക :

Beside the lake, beneath the trees
Fluttering and dancing in the breeze

(8 × 2 = 16 Mark

III. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

27. മലയാളവിവർത്തനത്തിന്റെ ചരിത്രം പരിശോധിക്കുക.

28. വിവർത്തനത്തിന്റെ പ്രാധാന്യവും പ്രസക്തിയും വിശദീകരിക്കുക.

29. ബൈബിൾ വിവർത്തനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

30. കവിത വിവർത്തനക്ഷമമല്ല എന്നു പറയുന്നതെന്തുകൊണ്ട്?

31. വിവർത്തനസിദ്ധാന്തങ്ങൾ ക്രോഡീകരിക്കുക.

32. ഇസഡോർ പിഞ്ചുകിന്റെ അഭിപ്രായത്തിൽ സംസ്കാരത്തിനു കീഴിൽ വരാവുന്ന വി... ളേതെല്ലാം? വിശദീകരിക്കുക.

33. Be all eyes – മലയാളത്തിലാക്കുക. ശൈലികൾ വിവർത്തനം ചെയ്യുമ്പോഴുള്ള പ്രശ്നങ്ങൾ കണ്ടെത്തുക.

34. 'ഹാ പുഷ്പമേ അധിക തുംഗപദത്തിലെത്ര,
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ'

'Ah flower, how exalted was your state
When once you shone in splendour like a queen'.

- കവിതാവിവർത്തനത്തിലെ ഏതു രീതിയാണ് ഈ വിവർത്തനത്തിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുക.

35. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക :

The Yellow leaves
Of my old school note book's
Loosely bound between then and now
Reach out and touch me
Like an old friend
Met on a concrete bridge
Punctuating an impersonal sky
Away from home

36. ഇംഗ്ലീഷിലാക്കുക :

'കാലമിനിയുമുരുളും വിഷുവരും വർഷം വരും തിരുവോണം വരും
പിന്നെയോരോ തളിരിലും പൂവരും കായ്‌വരും
അപ്പൊളാരെന്നുമെന്തെന്നുമാർക്കറിയാം
നമുക്കിപ്പൊഴീയാർദ്രയെ ശാന്തരായ് സൗമ്യരായ് എതിരേൽക്കാം
വരിക സഖീ അരികത്തു ചേർന്നു നിൽക്കൂ.'

താഴെ കൊടുത്തിരിക്കുന്ന സംഭാഷണത്തെ മലയാളത്തിലാക്കുക :

Othello : By heaven, I'll know thy thoughts.

Iago : You cannot, if my heart were in your hand; nor shall not, whilst it is in my custody.

38. ഇംഗ്ലീഷിലേക്ക് മാറ്റുക :

'കരിയും ചാരവും കനലും മാംസക്കഷണങ്ങളും ബലിക്കാക്കകളും ഇടയ്ക്കിടെ ലങ്കക്കുമീതേ താഴ്ന്നിറങ്ങുന്ന കഴുകന്റെ കൂറ്റൻ നിഴലും മാത്രം എങ്ങും. കടലിൽ നിന്നടിക്കുന്ന കാറ്റിൽ കരിയുന്നതും ചീയുന്നതുമായ മാംസത്തിന്റെ ദുർഗന്ധം. വഴിയിലറ്റു വീണുകിടക്കുന്ന ഒരു കൈയ്യോ മരച്ചില്ലയോ തന്റെ നേർക്കു വിരൽ ചൂണ്ടുമ്പോൾ സീത നടുങ്ങി വഴിയിടറി നിന്നു പോകുന്നു.'

**(6 × 4 = 24 Marks)**

IV. **മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

39. വിവർത്തനത്തിന്റെ ചരിത്രം പരിശോധിച്ച് അതിന്റെ പ്രാധാന്യവും പ്രസക്തിയും കണ്ടെത്തുക.

40. വീണപൂവ് വിവർത്തനം ചെയ്യപ്പോൾ വിവർത്തകൻ എന്തെല്ലാം പ്രശ്നങ്ങളാവും നേരിട്ടിട്ടുണ്ടാവുക എന്ന് പരിശോധിക്കുക.

41. വിവർത്തനത്തിൽ നഷ്ടപ്പെട്ടുപോകുന്നതാണ് കവിത എന്നു പറയുന്നതെന്തുകൊണ്ടാണ്?

42. 'സംസ്കാരങ്ങളെ പരസ്പരം ബന്ധപ്പെടുത്തുന്ന പാലമാണ് വിവർത്തനം' - ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

43. വിവർത്തനരീതികൾ ഏതെല്ലാമാണെന്ന് വിശദീകരിച്ച് അതിലേതാണ് ഏറ്റവും ഉചിതമെന്ന് ഉദാഹരണസഹിതം സമർത്ഥിക്കുക.

44. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക :

ആധുനികയുഗത്തിന്റെ അരുണോദയത്തിൽ സാഹിത്യരംഗത്ത് പാശ്ചാത്യപൗരസ്ത്യദേശങ്ങ തമ്മിലുള്ള സമന്വയവും ആരംഭിച്ചു എന്നു പറയാം. ബ്രിട്ടൻ ആധിപത്യം സ്ഥാപിക്കുകയോ മ തരത്തിൽ ബ്രിട്ടനുമായി അടുക്കുകയോ ചെയ്ത രാജ്യങ്ങളിൽ ഇംഗ്ലീഷും അതാതു പ്രദേശങ്ങളി ഭാഷകളും തമ്മിൽ വൻതോതിൽ വിവർത്തനത്തിലൂടെയുള്ള കൊള്ളക്കൊടുക്കലുകളുണ്ടായി ഇതിന്റെ ഫലമായി വിശ്വവിഖ്യാതമായ ക്ലാസ്സിക്കുകൾ ലോകമെമ്പാടുമുള്ള ഭാഷകളിലെത്തി. ആധുനികയുഗത്തിന്റെ പുതിയ ദർശനങ്ങളും രാഷ്ട്രീയ ചിന്തകളുമുൾക്കൊള്ളുന്ന ഗ്രന്ഥങ്ങളും ഇപ്രകാരം ലോകമൊട്ടുക്കും പ്രചരിച്ചു. ഈ പ്രവണതയുടെ തീവ്രത പാശ്ചാത്യദേശങ്ങളിൽ ചില കൃതികളുടെ പ്രഥമ പതിപ്പിനോടൊപ്പം ഇറങ്ങുന്ന അവയുടെ വിവിധ ഭാഷാവിവർത്തനങ്ങളുടെ പ്രചാരത്തിൽ നിന്ന് അനുമാനിക്കാവുന്നതാണ്.

**(2 × 15 = 30 Marks)**

(Pages : 4)

Reg. No. : 11519132012

Name : Ananthalekshmi. S

M – 1333

**Fifth Semester B.A. Degree Examination, December 2021**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course**

**ML 1545 : തിരക്കഥയും സിനിമയും**

**(2018 & 2019 Admission)**

Time : 3 Hours

Max. Marks : 80

I. ഒറ്റ വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യ ശബ്ദചിത്രമേത്?

2. ഇന്ത്യൻ സിനിമയുടെ പിതാവ് എന്നറിയപ്പെടുന്നതാരാണ്?

3. കേരളത്തിലെ ആദ്യത്തെ ഫിലിം സ്റ്റുഡിയോയുടെ സ്ഥാപകൻ ആര്?

4. 'ആലം ആര' എന്ന ഇന്ത്യൻ സിനിമയുടെ പ്രത്യേകത എന്താണ്?

5. ജി. അരവിന്ദന് മികച്ച സംവിധായകനുള്ള ദേശീയ അവാർഡ് നേടിക്കൊടുത്ത സിനിമയേത്?

6. മലയാളത്തിലെ ആദ്യത്തെ 70 എം.എം. ചിത്രമേതാണ്?

7. 'അഗ്നിസാക്ഷി' എന്ന മലയാള സിനിമയുടെ സംവിധായകൻ ആര്?

8. 'മലയാള സിനിമയും സാഹിത്യവും' എന്ന കൃതി രചിച്ചതാരാണ്?

9. സിനിമയുടെ അടിസ്ഥാനഘടകമായി കാണുന്നത് ഏതിനെയാണ്?

10. 'പഥേർ പാഞ്ചാലി' എന്ന സിനിമ പുറത്തിറങ്ങിയ വർഷമേത്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. ഒരു സാഹിത്യസൃഷ്ടിയുടെ കേവലാനുകരണമല്ല സിനിമ എന്നു പറയുന്നതെന്തുകൊണ്ട്?

12. സിനിമാസാഹിത്യം എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത്?

13. ഡോക്യുമെന്ററി എന്നാലെന്ത്?

14. മൊണ്ടാഷ് എന്താണെന്ന് വ്യക്തമാക്കുക.

15. ചലച്ചിത്രകലയുടെ അടിസ്ഥാനം എഡിറ്റിംഗാണെന്ന് പറയുന്നതെന്തുകൊണ്ട്?

16. സീൻ, സീക്വൻസ് എന്നിവ എന്താണെന്ന് വ്യക്തമാക്കുക.

17. തിരക്കഥയെക്കുറിച്ചുള്ള എം.ടി. വാസുദേവൻ നായരുടെ അഭിപ്രായമെന്താണ്?

18. ചാർളി ചാപ്ലിൻ - കുറിപ്പ് തയ്യാറാക്കുക.

19. അനുകല്പനം എന്നാലെന്ത്?

20. കഥയും തിരക്കഥയും തമ്മിലുള്ള വ്യത്യാസമെന്താണ്?

21. മൃണാൾസെൻ - കുറിപ്പ് എഴുതുക.

22. പത്മരാജന്റെ രണ്ട് സിനിമകളെ പരിചയപ്പെടുത്തുക.

23. സിനിമയുടെ ബ്ലൂപ്രിന്റായി തിരക്കഥയെ കാണുന്നതിലെ യുക്തിയെന്ത്?

24. എഡിറ്റിംഗിലെ വ്യത്യസ്തമായ രീതികളിൽ ഏതെങ്കിലും ഒന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

25. സിനിമയാക്കിയ ഏതെങ്കിലും രണ്ടു നാടകങ്ങളെക്കുറിച്ചെഴുതുക.

26. പശ്ചാത്തലസംഗീതത്തിന്റെ പ്രാധാന്യമെന്താണ്?

(8 × 2 = 16 Marks)

III. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

27. സാഹിത്യകൃതിയും തിരക്കഥയും തമ്മിലുള്ള വ്യത്യാസങ്ങളേവ?

28. ഇതരകലാരൂപങ്ങളുമായുള്ള സിനിമയുടെ ബന്ധം വിശദമാക്കുക.

29. സിനിമ സംവിധായകന്റെ കലയോ? സ്വമതം സ്ഥാപിക്കുക.

30. അടൂർ ഗോപാലകൃഷ്ണൻ മലയാളസിനിമയ്ക്ക് നൽകിയ സംഭാവനകൾ ഏതെല്ലാമാണ്?

31. സിനിമയിൽ ഗാനങ്ങൾക്ക് ഉള്ള പങ്കെന്താണ്? ചർച്ച ചെയ്യുക.

32. ചിന്താവിഷ്ടയായ ശ്യാമള എന്ന സിനിമ മലയാളിയുടെ കാപട്യത്തെ പൊളിച്ചെഴുതുന്നത് എപ്രകാരമാണ്?

33. ഡിജിറ്റൽ സിനിമയുടെ സാദ്ധ്യതകൾ എന്തെല്ലാമാണ്?

34. സിനിമയെ ഒരു സാംസ്കാരികരൂപമെന്ന നിലയിൽ വിലയിരുത്തുക.

35. 'തേന്മാവിൻ കൊമ്പത്ത്' എന്ന സിനിമ 'മുത്തു' എന്ന തമിഴ്സിനിമയായി പുനരാവിഷ്കരിച്ചപ്പോഴുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ്?

36. സിനിമയിലെ അഭിനയവും നാടകത്തിലെ അഭിനയവും തമ്മിൽ താരതമ്യം ചെയ്യുക.

37. അകിര കൊറൊസാവയുടെ സിനിമകളുടെ സവിശേഷതകൾ വിവരിക്കുക.

38. 'നീലത്താമര' എന്ന സിനിമ മൂലസിനിമ എന്ന നിലയ്ക്കും പുനരാവിഷ്കാരസിനിമ എന്ന നിലയ്ക്കും പുലർത്തിയ ആഖ്യാനത്തിലെ മാറ്റങ്ങളെന്തെല്ലാമാണ്?

(6 × 4 = 24 Marks)

IV. **മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

39. സെല്ലുലോയിഡ് എന്ന സിനിമയുടെ സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം വിശകലനം ചെയ്യുക.

40. സാഹിത്യവുമായുള്ള ബന്ധം സിനിമയുടെ വളർച്ചയെ സ്വാധീനിച്ചുവോ? ചർച്ച ചെയ്യുക.

41. അനുകല്പനസിനിമകൾ, സ്വതന്ത്രസിനിമകൾ, പുനരാവിഷ്കാരസിനിമകൾ എന്നിവയുടെ സവിശേഷതകൾ ഉദാഹരണസഹിതം വിശദമാക്കുക.

42. 'സിനിമയെ ആധുനികകാലത്തിന്റെ കല' എന്നു വിശേഷിപ്പിക്കുന്നത് എത്രത്തോളം യുക്തിസഹമാണ്? സമർത്ഥിക്കുക.

43. കലയെന്ന നിലയ്ക്കും വ്യാവസായിക ഉല്പന്നമെന്ന നിലയ്ക്കും സിനിമയെ വിലയിരുത്തുക.

44. ദി ബൈസിക്കിൾ തീവ്സ് എന്ന സിനിമയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

(2 × 15 = 30 Marks)